# അക്കാദമിക മാസ്റ്റർ പ്ലാൻ

G.L.P.S. ഇടക്കിടം.

# ആമുഖം

കൊല്ലം ജില്ലയിൽ വെളിയം വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെടുന്ന കരീപ്ര പഞ്ചായത്തിലെ ഇടയ്ക്കിടം എന്ന ഉൾനാടൻ ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനമാണ് ഇടയ്ക്കിടം ഗവ. എൽ. പി. സ്കൂൾ. ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയിൽ സുപ്രധാന പങ്കുവഹിച്ച ഈ സ്ഥാപനം സ്കൂൾ രേഖകൾ പ്രകാരം 1937-ൽ സ്ഥാപിതമായി എന്നാൽ അതിനു മുൻപു തന്നെ ഇവിടെ കുടിപ്പള്ളിക്കൂടം പ്രവർത്തിച്ചു വന്നിരുന്നു. എന്നു പറയപ്പെടുന്നു.

പഠനോപകരണ ശില്പശാലകളും, കാവ്യോത്സവം, രചനോത്സവം, ബാലസാഹിത്യ കൃതികളുടെ രചന സചിത്ര പുസ്തകം തയ്യാറാക്കൽ, സർഗാത്മക ഡയറി എഴുത്ത് തുടങ്ങിയ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി-യാണ് ഈ വർഷത്തെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരി-ക്കുന്നത്. കൂടാതെ ഭിന്നശേഷി കുട്ടികൾക്കുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

# അടിസ്ഥാനവിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ.എൽ.പി.എസ് ഇടയ്ക്കിടം

വില്ലേജ് : കരീപ്ര

പഞ്ചായത്ത് : കരീപ്ര

വാർഡ് : ഇടയ്ക്കിടം

ബ്ലോക്ക് : കൊട്ടാരക്കര

ജില്ലാ പഞ്ചായത്ത് : കൊല്ലം

ഉപ വിദ്യാഭ്യാസജില്ല : വെളിയം

ബ്ലോക്ക് റിസോഴ്സ് സെന്റർ : വെളിയം

ഹെഡ്മിസ്ട്രസിന്റെ പേര് : ഷീബ.വി.

# ആസൂത്രണം

## അക്കാദമിക ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
- ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
- ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
- ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക.
- കുട്ടികളുടെ പഠനം, പരീക്ഷ എന്നീ കാര്യങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക.
- നിത്യജീവിതത്തിൽ പ്രായോഗികത നേടുക.
- ദേശീയ സമത്വവും പൗരധർമ്മവും നേതൃപാടവവും വളർത്തിയെടുക്കുക.
- രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തനപിന്തുണ സംബന്ധിച്ച സമീപനരീതികൾ
- പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള വിദ്യാലയസമീപനം.
- പരിസ്ഥിതിപഠനപ്രവർത്തനങ്ങളിൽ മാതൃകയാകുക.

# ഭാഷാവികസനം

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.
- ആശയം, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾക്കൊണ്ട് കവിത ആസ്വദിച്ച് ചൊല്ലി രസിക്കുക.
- എല്ലാ കുട്ടികൾക്കും സമഗ്ര ഗുണമേന്മ ഉറപ്പാക്കുക.
- പഠനപ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും സജീവവും സർഗാത്മകവുമായ പങ്കാളിത്തം ഉറപ്പാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| - കുട്ടികളിൽ സർഗ്ഗാത്മക ശേഷി വളർത്തുക.<br>- മലയാളഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി നേടുക<br><br>കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. മികച്ച വായനാശീലം വളർത്തുക. | ചിത്രവായന<br>ചിത്രപുസ്തകം തയ്യാറാക്കൽ<br>സർഗാത്മകഡയറി. ആരംഭം<br>വായനാക്കാർഡ് നിർമ്മാണം<br>CPTA<br>കാവ്യോത്സവം<br>പാട്ടരങ്ങ്<br>SRG<br>അസംബ്ലിയിൽ വാർത്താവായന<br>വായനാദിനപ്രവർത്തനങ്ങൾ<br>ക്ലാസ് ലൈബ്രറി രൂപീകരണം.<br>പുസ്തകവിതരണം<br>റീഡേഴ്സ് തിയേറ്റർ<br>അനുഭവക്കുറിപ്പ് | ജൂൺ | ക്ലാസ് ടീച്ചർ |
| | പ്രസംഗം<br>ക്വിസ്<br>കാവ്യോത്സവം<br>രചനോത്സവം<br>ബോധവത്കരണ ക്ലാസ്സുകൾ | ജൂലൈ<br>ഓഗസ്റ്റ് | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| | റീഡേഴ്സ് തിയേറ്റർ<br>ആസ്വാദനക്കുറിപ്പ്<br>ശില്പശാലകൾ | നവംബർ | ക്ലാസ് ടീച്ചർ |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ദിനാചരണങ്ങൾ<br>ജീവചരിത്രക്കുറിപ്പ്<br>സംഭാഷണം<br>ചിത്രരചന<br>കവിതാരചന<br>കഥാരചന<br>കാവ്യോത്സവം<br>പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | |
| | വായനക്കുറിപ്പ് തയ്യാറാക്കൽ<br>വ്യവഹാരരൂപങ്ങൾ മാതിരിയെഴുതൽ<br>പഠനപിന്നോക്കാവസ്ഥ നേരിടുന്നവർക്ക് പ്രത്യേക പരിശീലനങ്ങൾ<br>വാർഷികം. | ജനുവരി | ക്ലാസ് ടീച്ചർ |

# ഗണിതം

ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. വസ്തുതകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്രപഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ഗണിതശാസ്ത്രപഠനം ചിന്തയെ തെളിമയുള്ളതാക്കുകയും വസ്തുതകളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. മറ്റു വിഷയങ്ങളുടെ പഠനത്തിൽ ഗണിതശാസ്ത്രം അവിഭാജ്യഘടകമായി മാറുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് തന്നെ ഗണിതപഠനത്തിന്റെ ഉദ്ദേശ്യം ദൈനംദിനപ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാകുന്നതും മറ്റു വിഷയങ്ങളുടെ പഠനത്തിൽ സഹായകമാകുന്ന വിധത്തിലും ആയിരിക്കണം.

## ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
- കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകുക.
- വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവു നേടുക.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേക്ക് കുട്ടികളെ വളർത്തുക.
- ബന്ധങ്ങൾ മനസ്സിലാക്കാനും കാര്യകാരണസഹിതം വിശദീകരിക്കാനുമുള്ള കഴിവുണ്ടാകുക.
- കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തരാകുക.
- വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടുക.
- ഗണിതപഠനത്തിൽ ഐ.സി.ടി സാധ്യതകൾ ഉപയോഗിക്കാൻ കഴിയുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ചടുലമായി ചെയ്യുന്നതിനുള്ള ശേഷി നേടുക. | ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തി ഗണിതാശയങ്ങൾ രൂപീകരിക്കുന്നു.<br>ശില്പശാല<br>ഗണിതലാബ് ഒരുക്കൽ | ജൂൺ | ക്ലാസ്ടീച്ചർ | |
| ഗണിതം ലളിതമാക്കാൻ കഴിവുള്ള | ജ്യാമിതീയരൂപങ്ങൾ നിർമാണം<br>പഠനോപകരണ നിർമാണം-ശില്പശാല<br>ഗണിതക്വിസ് ഗണിതമൂല അസംബ്ലിയിൽ ഗണിതക്വിസ്, സംഖ്യാപാറ്റേണുകൾ കണ്ടെത്തൽ | ആവശ്യാനുസരണം. (ഒന്നാം ടേം ജൂലൈ | ക്ലാസ്ടീച്ചർ | |
| ഓരോ ക്ലാസ്സ് കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടിയെന്നുറപ്പാക്കൽ | നാണയങ്ങൾ, നോട്ടുകൾ എന്നിവയുപയോഗിച്ച് പ്രശ്നപരിഹരണം നടത്തുന്നു.<br>എണ്ണൽ സംഖ്യകളെ വ്യാഖ്യാനിക്കുന്നു. | ഓഗസ്റ്റ് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | ഗുണനവസ്തുതകൾ സ്വായത്തമാക്കുന്നു. | ഡിസംബർ | ക്ലാസ് ടീച്ചർ | |
| വൃത്തം, ത്രികോണം ചതുരം എന്നി രൂപങ്ങൾ തിരിച്ചറിയുന്നു. | ചതുരം, ത്രികോണം വൃത്തം എന്നിവ തിരിച്ചറിയുന്നു. ഇവ ചേർത്ത് രൂപങ്ങൾ നിർമ്മിക്കുന്നു. | | | |
| വ്യത്യസ്ത അളവുകൾ പരിചയപ്പെടുന്നു. | സ്കെയിൽ ഉപയോഗിച്ച് നീളം അളക്കുന്നു. സെ.മീ, മീറ്റർ, കി.മീ എന്നിവ നീളം അളക്കുന്നതിനുള്ള ഏകകങ്ങൾ ആണെന്നു തിരിച്ചറിയുന്നു. സ്കെയിൽ നിർമ്മിക്കുന്നു. | ജനുവരി | ക്ലാസ് ടീച്ചർ ഗണിതക്ലബ് | |
| | ശില്പശാല | | ഗണിതക്ലബ് | |
| | ബാഗ്, വാട്ടർബോട്ടിൽ ബുക്ക് തുടങ്ങിയവയുടെ ഭാരമറിയുന്നു. ഗ്രാം, കി.ഗ്രാം, ക്വിന്റൽ ടൺ എന്നീ ഏകകങ്ങൾ പരിചയപ്പെടുന്നു. | | ക്ലാസ് ടീച്ചർ | |

# പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.
- 'പാഠപുസ്തകത്തിൽ നിന്ന് പ്രകൃതിപുസ്തകത്തിലേക്ക്' എന്ന പ്രവർത്തനത്തിൽ കൂടി കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം ഉറപ്പിക്കുക.
- ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| നിരീക്ഷണം അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് | ആവശ്യ, സന്ദർഭാനുസരണം | CPTA | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | സയൻസ് ക്ലബ്ബ് | |
| ഭാരതം-ഇന്ത്യ ഭൂപടവായന | ഭൂപടവായന ഭൂപടരചന | ജൂലൈ | | |
| ശാസ്ത്രോത്സവം | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. പതിപ്പ്, ചാർട്ട് എന്നിവ തയ്യാറാക്കൽ. ശാസ്ത്രമാസിക നിർമ്മാണം. | ആഗസ്റ്റ് മുതൽ | ക്ലാസ്ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണനിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ | ക്ലാസ് ടീച്ചർ |
| | പരീക്ഷണങ്ങൾ ബോധ്യപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാകുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | | |
| ശാസ്ത്രപഠന താൽപര്യം വളർത്തുക. | കുട്ടികൾക്ക് ശാസ്ത്രപരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ. | | ക്ലാസ് ടീച്ചർ സയൻസ് ക്ലബ്ബ് |
| | സമ്പൂർണ്ണപ്ലാസ്റ്റിക് നിരോധനം, ശുചിത്വം, മലിനജനനിർമാർജ്ജനം എന്നിവ കൃത്യമായി നടപ്പാക്കൽ. | ജൂൺ മുതൽ മാർച്ച്വരെ. | |

# ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ആശയാവതരണരീതിയിലൂടെ അടിസ്ഥാനഭാഷാശേഷികൾ നേടാൻ സചിത്ര നോട്ട്ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ക്ലാസ്സ്തല വായനമൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| To speak, read and write English without any mistakes | Identify capacities and limitations of the child. | June. | Class Tr | |
| To develop Listening skills | Hello English activities<br>Simple instructions<br>Games<br>Action songs<br>Riddles<br>Simple stories<br>Selecting pictures<br>skit. | | Class Tr | |
| To develop Speaking skills. | Self introduction<br>Picture description<br>Story telling<br>Role play using<br>Simple language | July. | | |
| | English assembly | from August | Class Tr | |
| To develop reading skill. | News paper reading<br>Reading passages. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | Making reading cards<br>Findout rhyming words, Text book activities, reading passages.<br>Picture story reading | from June | Class Tr | |
| To develop writing skills | Picture description<br>Make word web<br>Add more lines<br>conversation<br>develop story | | Class Tr | |
| | Dictionary making<br>News writing | January | | |
| | Conducting language projects.<br>skit, roleplay | | Class Tr | |
| | Story telling<br>English library<br>English Fest | March | | |

# സാമൂഹികാവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ. | ഒരോ മാസത്തിലും. | |
| സാമൂഹ്യസ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ പോസ്റ്റോഫീസ്, വില്ലേജ് പഞ്ചായത്ത്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഒരോ മാസത്തിലും | |
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്, സംസ്കാരികമായത്തിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | | |

## ലക്ഷ്യം

ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്താൻ

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.
- പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ
- പരിശീലനപരിപാടികൾ സംഘടിപ്പിക്കൽ

പ്രവൃത്തിപരിചയം.

- പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ
- പാഠഭാഗത്തെ നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ